LIBRARY ARCHIVES Kerala Legislative Assembly

കെ.ആർ.ഡബ്ല്യു.എസ്.എ.-യിൽ വാട്ടർ കൺസർവേഷൻ സ്പെഷ്യലിസ്റ്റ് തസ്തികയിലേയ്ക്കുള്ള നിയമനം

186(887) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രാമീണ ശുദ്ധജല വിതരണ ഏജൻസി - കെ.ആർ.ഡബ്ല്യു. എസ്.എ.-യിൽ വാട്ടർ കൺസർവേഷൻ സ്പെഷ്യലിസ്റ്റ് തസ്തികയിലേക്കുള്ള നിയമനം നടത്താൻ ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിച്ചിരുന്നുവോ;

(ബി) എങ്കിൽ ആയതിന്മേൽ എത്ര അപേക്ഷ ലഭിച്ചുവെന്നും നിയമന നടപടികളുടെ ഇപ്പോഴത്തെ പുരോഗതിയും വിശദമാക്കുമോ?

ഉത്തരം

(എ) വാട്ടർ കൺസർവേഷൻ സ്പെഷ്യലിസ്റ്റ് തസ്തികയിലേയ്ക്ക് 3-6-2015-ലെ 2126/എച്ച്.ആർ.ഡി./15/കെ.ആർ.ഡബ്ല്യു.എസ്.എ. നമ്പരായുള്ള വിജ്ഞാപന പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു.

(ബി) ആയതിന്മേൽ 15 അപേക്ഷകൾ ലഭിക്കുകയും നിശ്ചിത യോഗ്യതയും മാനദണ്ഡവുമുള്ള 9 അപേക്ഷകരെ ഉൾക്കൊള്ളിച്ച് ക്ഷണിക്കുകയും ചെയ്തു. ഉൾക്കൊള്ളിയുടെ അടിസ്ഥാനത്തിൽ 4 പേരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജലനിധി രണ്ടാം ഘട്ടം

187(888) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ , വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 1,022 കോടി രൂപ മുതൽ മുടക്കി 2012-17 കാലയളവിൽ ഗ്രാമ പഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്ന രണ്ടാംഘട്ട ജലനിധി പദ്ധതി സർക്കാർ ആവിഷ്കരിച്ച്

നടപ്പാക്കിവരുന്നു. പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നുമുള്ള തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി, തൃശ്ശൂർ എന്നീ 9 ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) പദ്ധതി നടപ്പാക്കുന്നതിലൂടെ ഗ്രാമീണ ജനതയ്ക്ക് ഉണമേന്മയേറിയതും സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്ന് ബാച്ചുകളിലായി 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

(സി) (i) പദ്ധതി നടത്തിപ്പിന് ഉണഭോക്തൃ സമിതികളെ സഹായിക്കുന്നതിനുവേണ്ടി സഹായ സംഘടനകളെയും ഇവർ ഇല്ലാത്തിടത്ത് ഗ്രാമപഞ്ചായത്ത് ആക്ഷൻ ടീമിനെയും നിയോഗിച്ചിട്ടുണ്ട്.

(ii) പദ്ധതിക്ക് ഭരണാനുമതി ഗ്രാമപഞ്ചായത്ത് ഭരണസമിതിയും സാങ്കേതികാനുമതി ഗ്രാമപഞ്ചായത്തിൽത്തന്നെ കെ.ആർ. ഡബ്ല്യു.എസ്.എ. നിയമിച്ചിട്ടുള്ള പ്രോജക്ട് കമ്മീഷണറും നൽകുന്നു. പുറമെ ഗ്രാമപഞ്ചായത്തിൽ ഒരു അക്കൗണ്ടിനെയും നിയമിച്ചിട്ടുണ്ട്.

(iii) നിർമ്മാണത്തിനാവശ്യമായ പണം മുൻകൂർ ഗഡുക്കളായി സമിതികൾക്ക് നൽകുന്നു.

(iv) നിർമ്മാണ പ്രവർത്തനങ്ങളുടെ ഉണനിലവാരം പരിശോധിച്ച് ഉറപ്പാക്കുന്നതിനുവേണ്ടി പുറമെ നിന്നുള്ള ഉണനിലവാരം നിർണ്ണയിക്കുന്ന ഒരു ഏജൻസിയെ പ്രമതലപ്പെടുത്തിയിട്ടുണ്ട്.

(v) നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ സപ്പോർട്ട് നൽകുന്നതിനും സംസ്ഥാനതലത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ കെ.ആർ.ഡബ്ല്യു.എസ്.എ. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും ഇടുക്കി, മലപ്പുറം, കണ്ണൂർ മേഖലാ തലത്തിൽ റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളും പ്രവർത്തിക്കുന്നു.

GPM. 2/238/2020-34.

LIBRARY ARCHIVES Kerala Legislative Assembly

(vi) ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ പദ്ധതികൾ നിരന്തരം അവലോകനം ചെയ്യുന്നു. പഞ്ചാളികളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ പരിഹരിക്കുന്നു. ഓരോ പഞ്ചായത്തിലെയും പുരോഗതി ജനപ്രതിനിധി നടപ്പാക്കിയ, വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രോഗ്രാം (ജെ.ഐ.എം.എസ്.)-ലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാണ്.

പൈപ്പ് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി

188(889) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ചങ്ങനാശ്ശേരി സബ് ഡിവിഷനിൽപ്പെട്ട ഏതെല്ലാം പ്രദേശങ്ങളിൽ പൈപ്പ് മാറ്റിസ്ഥാപിക്കുന്നതിനുള്ള ജോലികൾക്ക് ഇപ്പോൾ ടെണ്ടർ വിളിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ പുതുതായി പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ഏതൊക്കെ ജോലികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചങ്ങനാശ്ശേരി സബ് ഡിവിഷനിൽപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്കായി നടത്തുന്ന ഏതൊക്കെ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്;

(ഡി) തൃക്കൊടിത്താനം പഞ്ചായത്തിൽ അമരയിലേക്ക് ജലം എത്തിക്കുന്നതിനുള്ള പൈപ്പ് ഇടുന്ന ജോലി പൂർത്തീകരിച്ചിട്ടുണ്ടോ;

(ഇ) വാഴപ്പിള്ളി പഞ്ചായത്തിൽ അംബേദ്കർ ഗ്രാമത്തിൽ പൈപ്പ് സ്ഥാപിക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഇങ്ങനെ പൂർത്തീകരിച്ചിട്ടും വെള്ളം ലഭിക്കാത്തതുകൊണ്ട് പുതിയ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ജോലി ആരംഭിച്ചിട്ടുണ്ടോ;

(എഫ്) കടിവെള്ളക്ഷാമം രൂക്ഷമാകുന്നത് കണക്കിലെടുത്ത് മേൽപ്പറഞ്ഞ ജോലികളുടെ ടെണ്ടർ നടപടികളും ജോലികളും ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly